LIBRARY ARCHIVES Kerala Legislative Assembly

ട്രഷറി നിയന്ത്രണം

51 (447) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 നവംബർ - ഡിസംബർ മാസങ്ങളിലും 2001 ജനുവരി മാസത്തിലും ട്രഷറി പേയ്മെന്റിന് ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) വിവിധ ക്ഷേമനിധികളുടെ ഫണ്ടിൽ നിന്നും 2001 ജനുവരി ഒന്നിന് ട്രഷറിയിൽ എത്ര രൂപ നിക്ഷേപം ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രൈമറി ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ വകയായി 2001 ജനുവരി ഒന്നിന് ട്രഷറിയിൽ എത്ര രൂപ നിക്ഷേപം ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ നിക്ഷേപങ്ങൾ തിരികെ നൽകാൻ എന്തെല്ലാം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജി.ഒ.(പി)300/90/ധന. തിയതി. 12-03-1990 ലെ നിയന്ത്രണങ്ങളല്ലാതെ മറ്റു നിയന്ത്രണങ്ങളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) 71 കോടി രൂപ.

(സി) 632.82 കോടി രൂപ.

(ഡി) പ്രത്യേകിച്ച് നിയന്ത്രണങ്ങളൊന്നുമില്ല. അതാത് സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് നിക്ഷേപങ്ങൾ പലിശ സഹിതം തിരികെ നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാസ്സാകാത്ത ബില്ലുകൾ

52 (449) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-12-2000, 31-1-2001, 20-2-2001 എന്നീ തീയതികളിലെ കണക്ക് അനുസരിച്ച് സംസ്ഥാനത്തെ ട്രഷറികളിൽ ഒട്ടാകെ എന്ത് തുകയ്ക്കുള്ള കണ്ടിജൻസി ബില്ലുകൾ പാസ്സാകാതെ കിടപ്പുണ്ട് ;

(ബി) പ്രസ്തുത തീയതികളിലെ കണക്കനുസരിച്ച് ഒട്ടാകെ എന്തു തുകയ്ക്കുള്ള ഡി.എ. ബില്ലുകൾ പാസ്സാകാതെ ട്രഷറികളിൽ കെട്ടിക്കിടക്കുന്നു ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.